**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4813** **20-07-2022 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ മണ്ഡലത്തിലെ പാലങ്ങളുടെ പുനർനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി.അൻവർ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | 2018-19 കാലയളവിലെ മഹാപ്രളയത്തിൽ നിലമ്പൂർ മണ്ഡലത്തിൽ എത്ര പാലങ്ങൾ പൂർണ്ണമായോ ഭാഗികമായോ തകർന്ന് പോയിട്ടുണ്ടെന്ന വിവരം പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ; അവ പുനർനിർമ്മിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; | (എ) | **പൂർണ്ണമായി തകർന്ന പാലം**<br><br>**ചുങ്കത്തറ പഞ്ചായത്തിലെ കൈപ്പിനിക്കടവ് പാലം:-**<br><br>2019-ലെ പ്രളയത്തിൽ തകർന്ന കൈപ്പിനിക്കടവ് പാലം പുനർ നിർമ്മിക്കുന്നതിനായി റീകൺസ്ട്രക്ഷൻ/ റീഹാബിലിറ്റേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 1320.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും പുനർ നിർമ്മാണത്തിനായി M/s. ABM4 Builders എന്ന കരാർ സ്ഥാപനത്തിനെ ഏൽപ്പിക്കുകയും, നിലവിൽ പാലം പുനർനിർമ്മാണവും, അപ്രോച്ച് റോഡിലെ BM & BC ജോലികൾ പൂർത്തീകരിക്കുകയും 23/05/2022-ന് ഗതാഗതത്തിനായി തുറന്ന് നൽകുകയും ചെയ്തിട്ടുണ്ട്.<br><br>**ഭാഗികമായി തകർന്ന പാലങ്ങൾ**<br><br>**1. കരുളായി പഞ്ചായത്തിലെ കരുളായി പാലം:-**<br><br>2019-ലെ പ്രളയത്തിൽ കേടുപാടുകൾ സംഭവിച്ച കരുളായി പാലത്തിന്റെ ഡെക്ക് സ്ലാബുകൾ റീപൊസിഷൻ ചെയ്യുകയും, പാലത്തിന്റെ ഉപരിതലം മാസ്റ്റിക് അസ്ഫാൾട്ട്, ബി.സി. ഫിനിഷിംഗ് ചെയ്ത് പ്രവൃത്തി 22/02/2021-ന് പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>**2. വഴിക്കടവ് പഞ്ചായത്തിലെ കരിയൻതോട് പാലം:-**<br><br>പാലം പുനർ നിർമ്മിക്കുന്നതിനായി 320 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും നിർമ്മാണം പുരോഗമിച്ചു കൊണ്ടിരിക്കുകയുമാണ്. നിലവിൽ ആകെയുള്ള 3 ഗിർഡറുകൾ പൂർത്തീകരിച്ച, ഡെക്ക് സ്ലാബിന്റെ നിർമ്മാണ ജോലികൾ പുരോഗമിച്ച |

കൊണ്ടിരിക്കുന്നുമുണ്ട്. 45% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

**3. പോത്തുകാൽ ഗ്രാമപഞ്ചായത്തിലെ പനങ്കയം പാലം:-**

2019 ലെ പ്രളയത്തിൽ കൈവരികൾ തകരുകയും വെന്റ് വേയിൽ മരങ്ങൾ അടിയുകയും ചെയ്തിരുന്നു. ആയത് പരിഹരിക്കുന്നതിനായി “Urgent restoration work to flood-2019 affected Karulai. Kaippinikkadavu. Panamkayam Bridge. Areakode Bridge in Nilambur and Ernad LACs of Malappuram District” എന്ന പദ്ധതിയിൽ പെടുത്തി കേടുപാടുകൾ പരിഹരിക്കുകയും മേൽ പ്രവൃത്തി 28/05/2020 ന് പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

**4. മുത്തേടം & കരുളായി ഗ്രാമപഞ്ചായത്തിലെ ഏനാദി പാലം :-**

2019-ലെ പ്രളയത്തിൽ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരുന്ന ഏനാദി പാലത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച ഡെക്ക് സ്ലാബിന് സ്ഥാനചലനം സംഭവിക്കുകയും, ഷട്ടറിംഗ്, റീബാർ ജോലികൾ പൂർത്തീകരിച്ചത് ഒഴുകി പോവുകയും ചെയ്തിട്ടുണ്ട്. തുടർന്ന് റിവൈസ്ഡ് ഡിസൈൻ ലഭ്യമാകുകയും, ആയത് പ്രകാരം പുതുക്കിയ ഭരണാനുമതിക്കുള്ള എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാൻ കഴിയും

**<u>പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ അല്ലാത്ത പാലങ്ങൾ</u>**

**1. ചുങ്കത്തറ പഞ്ചായത്തിലെ മുട്ടിക്കടവ് പാലം:-**

പ്രളയത്തിൽ കൈവരികൾ തകരുകയും, മഴ സമയത്ത് ഗതാഗത യോഗ്യമല്ലാത്തതും, ഇടുങ്ങിയതും വളരെ കാലപ്പഴക്കം ചെന്നതുമായ കോസ് വേ പുനർ നിർമ്മിക്കുന്നതിനായി, 620 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും, നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരികയുമാണ്. ഫൗണ്ടേഷൻ ജോലികൾ 95 ശതമാനവും, സബ് സ്ട്രക്ചർ ജോലികൾ 90 ശതമാനവും പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

**2. പോത്തുകല്ല് പഞ്ചായത്തിലെ അമ്പുട്ടാൻ പൊട്ടി പാലം:-**

| | | | |
|---|---|---|---|
| | | | പ്രളയത്തിൽ തകർന്ന അമ്പട്ടാൻ പൊട്ടി പാലം പുനർനിർമ്മിക്കുന്നതിനായി, റിവൈസ്ഡ് ഡ്രോയിംഗ് ഡിസൈൻ വിങ്ങിൽ നിന്നും ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ച് ഫീസിബിലിറ്റി സമർപ്പിക്കുന്നതിനും ആയത് പ്രകാരം Final GADലഭ്യമാക്കി എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു<br><br>**3. പോത്തുകല്ല് പഞ്ചായത്തിലെ ഇരുട്ടുകുത്തി പാലം:-**<br><br>പ്രളയത്തിൽ തകർന്ന ഇരുട്ടുകുത്തി പാലം പുനർനിർമ്മിക്കുന്നതിനായി ഇൻവെസ്റ്റിഗേ ഷൻ ജോലികൾ പൂർത്തീകരിച്ച്, ആയതിന്റെ റിപ്പോർട്ട് ഡിസൈൻ വിങ്ങിലേക്ക് സമർപ്പിച്ചിട്ടുണ്ട്. ഡിസൈൻ ലഭ്യമാക്കി എസ്റ്റിമേറ്റ് സമർപ്പിക്കുന്ന മുറയ്ക്കേ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയൂ. |
| (ബി) | നിലമ്പൂർ മണ്ഡലത്തിലെ കരിമ്പുഴയ്ക്ക് കുറുകെയുള്ള ഏനാന്തി പാലത്തിന്റെ പുനർനിർമ്മാണം സംബന്ധിച്ച ഫയൽ ഇപ്പോൾ ഏത് കാര്യാലയത്തിലാണ് ഉള്ളതെന്ന് അറിയിക്കാമോ; പ്രസ്തുത പാലം പുനർനിർമ്മിക്കാൻ അടിയന്തര നടപടി സ്വീകരിക്കാമോ; | (ബി) | പ്രസ്തുത പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ പരിശോധനയിലാണ്. നിലവിലുള്ള കരാറുകാരനെ ടെർമിനേറ്റ് ചെയ്യാനുള്ള നടപടി പുരോഗമിക്കുന്നു. പുതുക്കിയ ഭരണാനുമതിക്കുള്ള ശിപാർശകൾ സർക്കാരിൽ പരിഗണനയ്ക്കായി വന്നിട്ടില്ല. |
| (സി) | നിലമ്പൂർ മണ്ഡലത്തിലെ പോത്തുകല്ല് പഞ്ചായത്തിലെ ശാന്തിഗ്രാം പാലത്തിന്റെ പുനർനിർമ്മാണം സംബന്ധിച്ച ഫയൽ ഇപ്പോൾ ഏത് കാര്യാലയത്തിലാണ് ഉള്ളതെന്ന് അറിയിക്കാമോ; പ്രസ്തുത പാലം പുനർനിർമ്മിക്കാൻ അടിയന്തര നടപടി സ്വീകരിക്കാമോ? | (സി) | പോത്തുകല്ല് പഞ്ചായത്തിലെ അമ്പട്ടാൻ പൊട്ടി ശാന്തിഗ്രാം പാലം നിർമ്മാണത്തിനുള്ള റിവൈസ്ഡ് ഡ്രോയിംഗ് അനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നതായി പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ